# കേരള സർവകലാശാല

നം. പി.ആർ.154/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എസ്‌സി ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ആറാം സെമസ്റ്റർ ബി.എസ്‌സി ഫിസിക്സ് ആന്റ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ബി.എസ്‌സി കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി, ബി.എസ്‌സി എൻവയോൺമെന്റൽ സയൻസ് ആന്റ് എൻവയോൺമെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് കോഴ്സുകളുടെ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ: അപേക്ഷിക്കാനുള്ള തീയതി നീട്ടി

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം ആറ്റിങ്ങൽ ഗവ. കോളേജിൽ നടത്തുന്ന തൊഴിലധിഷ്ഠിത കോഴ്സായ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷന് അപേക്ഷിക്കാനുള്ള തീയതി ജൂലൈ 24 വരെ നീട്ടി. അപേക്ഷകൾ ആറ്റിങ്ങൽ ഗവ. കോളേജിലെ സി.എ.സി.ഇ.ഇ ഓഫീസിൽ നിന്നും ശനി, ഞായർ ദിവസങ്ങളിൽ ലഭിക്കും. അപേക്ഷാഫോമിന്റെ വില 110 രൂപ. യോഗ്യത പ്ലസ് ടു/പ്രീഡിഗ്രി ജയം. ക്ലാസുകൾ ശനി, ഞായർ ദിവസങ്ങളിൽ മാത്രം. കോഴ്സ് കാലാവധി ആറ് മാസം.

### എം.എസ്‌സി കെമിസ്ട്രി ടൈംടേബിൾ

കേരള സർവകലാശാല ജൂലൈയിൽ ആരംഭിക്കുന്ന നാലാം സെമസ്റ്റർ എം.എസ്‌സി കെമിസ്ട്രി (മേഴ്സി ചാൻസ് പരീക്ഷ - 2011 അഡ്മിഷൻ മാത്രം) പരീക്ഷയുടെടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### യു.ഐ.ടി പ്രിൻസിപ്പാൾ: അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാലയുടെ യു.ഐ.ടി-കളിലേക്ക് കരാറടിസ്ഥാനത്തിൽ പ്രിൻസിപ്പാൾ തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ രേഖകളുടെ പകർപ്പ്, ഫീസടച്ച രസീത്/ഡ്രാഫ്റ്റ് എന്നിവയോടൊപ്പം ജൂലൈ 20 വൈകുന്നേരം അഞ്ച് മണിക്ക് മുമ്പായി തിരുവനന്തപുരത്തുള്ള സർവകലാശാല ആസ്ഥാനത്ത് എത്തിക്കേണ്ടതാണ്. വിശദവിവരങ്ങളും അപേക്ഷാഫോമും വെബ്സൈറ്റിൽ (www.keralauniversity.ac.in) Job notification എന്ന ലിങ്കിൽ ലഭിക്കും.

### പി.ജി. ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി ഫലം

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം സംഘടിപ്പിച്ച പി.ജി. ഡിപ്ലോമ ഇൻ കൗൺസലിംഗ് സൈക്കോളജി കോഴ്സിന്റെ ജനുവരി 2017 ൽ നടത്തിയ പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. ജിൻസി പോൾ (രജി. നമ്പർ 10827) ഒന്നാം റാങ്ക് നേടി. ഫോൺ: 0471-2302523.

## എം.പി.ഇ & പി.ജി.ഡി.എച്ച്.എഫ്.എം കോഴ്സ്: പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കാര്യവട്ടം ലക്ഷ്മി ഭായ് നേഷണൽ കോളേജ് ഓഫ് ഫിസിക്കൽ എജ്യുക്കേഷനി (എൽ.എൻ.സി.പി.ഇ) ൽ 2017-18 അദ്ധ്യയന വർഷത്തിൽ എം.പി.ഇ & പി.ജി.ഡി.എച്ച്.എഫ്.എം കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ജൂലൈ 13. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

തിരുവനന്തപുരം.
12.07.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ